**പതിമൂന്നാം കേരളനിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2163 08.12.2014 ന് മറുപടിയ്ക്ക്.

**ഇക്കോ-കേഡറ്റ് പദ്ധതി സംബന്ധിച്ച്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് വനം വകുപ്പ് ഇക്കോ -കേഡറ്റ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്കൂളുകളുടെ വിശദ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) ഇക്കോ-കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതേത്തുടർന്ന് സ്കൂളുകളുടെ സെലക്ഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. ആയത് പൂർത്തിയായിട്ടില്ല. |
| (ബി) നാളിതുവരെ പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര വിദ്യാർത്ഥികൾക്ക് വകുപ്പ് പരിശീലനം നൽകിയിട്ടുണ്ട് ഇതിനായി എത്ര ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്; | (ബി) പദ്ധതി പ്രാരംഭഘട്ടത്തിലായതിനാൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുവാൻ സാധിച്ചിട്ടില്ല. ടി പദ്ധതി നടപ്പിലാക്കുന്നതിനായി 45 ലക്ഷം രൂപയുടെ ഭരണാനുമതി 01.10.2014-ലെ ജി.ഒ(ആർ.റ്റി) 455/14/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നല്കിയിട്ടുണ്ട്. |
| (സി)ഇക്കോ-കേഡറ്റ് പദ്ധതിയുടെ സിലബസ് പ്രസിദ്ധപ്പെടുത്താമോ? | (സി) ഇക്കോ കേഡറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന ഇക്കോ കേഡറ്റുകൾക്ക് താഴെപ്പറയുന്ന വിഷയങ്ങളിൽ പരിശീലനം നല്കുന്നതാണ്.<br>1) നേതൃത്വ പരിശീലനം<br>2) ആശയ വിനിമയ പാടവം മെച്ചപ്പെടുത്തൽ<br>3) ക്രിയാത്മകമായ സമീപനവും ചിന്താശേഷിയും വർദ്ധിപ്പിക്കാനുള്ള പരിശീലനം.<br>4) വ്യക്തിത്വ വികസന പരിശീലനം<br>5) പരിസ്ഥിതി സംരക്ഷണത്തിനുള്ള അവബോധം സൃഷ്ടിക്കാനുള്ള പരിശീലനം<br>6) ജീവിത നിലവാരം മെച്ചപ്പെടുത്താനുള്ള പരിശീലനം<br>7) പരിസ്ഥിതി ശാസ്ത്രം സംബന്ധിച്ച പഠനം<br>8) പരിസ്ഥിതി സംബന്ധമായ നിയമങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാനുള്ള പരിശീലനം<br>9) കായിക പരിശീലനം, യോഗ. ധ്യാനം തുടങ്ങിയവയുടെ പരിശീലനം<br>10) ജൈവ വൈവിദ്ധ്യ സംരക്ഷണം, കടലാമ സംരക്ഷണം, കണ്ടൽക്കാടുകളുടെ സംരക്ഷണം, വിവിധ വനസസ്യങ്ങളെ തിരിച്ചറിയാനുള്ള പരിശീലനം. ഇവ കൂടാതെ നേതൃത്വ പരിശീലന ക്യാമ്പുകൾ, ശില്പശാല, സെമിനാറുകൾ എന്നിവയും വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ